

# കേരകർഷകരുടെ കാര്യത്തിൽ ശങ്കരൻ വീണ്ടും...

എം.ഡി.വർഗീസ്

**കൊച്ചി:●** വെളിച്ചെണ്ണ വില വീണ്ടും താഴോട്ടിറങ്ങുന്നു. കൊപ്രസംഭരണം പ്രഖ്യാപനങ്ങളിലൊതുങ്ങി. ശാശ്വത പരിഹാരമെന്നു പ്രതീക്ഷിച്ച 'നീര'യ്ക്ക് ഇനിയും അനുമതിയായിട്ടില്ല. കേരളത്തിലെ 42 ലക്ഷത്തോളം കേരകർഷകരുടെ പ്രശ്നങ്ങൾ അറുതി കാണാതെ തുടരുകയാണ്.

നാളികേര വിളവെടുപ്പിന്റെ മുഖ്യസീസൺ അവസാനിച്ചിരിക്കേ വെളിച്ചെണ്ണ ക്വിന്റലിന് 7000 രൂപ കടക്കുമെന്നു കരുതിയിരുന്നപ്പോഴാണ് വിലയിടിയുന്ന പ്രവണത. വില ക്രമമായി താണ് കൊച്ചി ടെർമിനൽ വിപണിയിൽ 6650 രൂപയിലെത്തി. തൃശൂരിൽ 6550 രൂപയും തമിഴ്നാട്ടിലെ കാങ്കയത്ത് 6200 രൂപയുമാണ്. കോഴിക്കോട് 7000 രൂപയിൽ തുടരുന്നു. മിൽ കൊപ്രയുടെ വിപണി വില താണു വിലയെക്കാൾ 500 രൂപ കുറഞ്ഞ് 4650 രൂപയായി. നാളികേര വികസന ബോർഡിന്റെ പഠനമനുസരിച്ച് ഈ വർഷം തമിഴ്നാട്ടിൽ 16 ശതമാനവും കർണാടകയിൽ 12 ശതമാനവും ഉൽപാദനക്കുറവുണ്ട്. കേരളത്തിൽ പ്രകടമായ കുറവില്ലത്രേ. കരിക്കിന്റെ ഉപയോഗം വർധിച്ചതും കഠിനമായ വരൾച്ചയുമാണ് അയൽ സംസ്ഥാനങ്ങളിൽ കൊപ്രയുടെ ലഭ്യത കുറച്ചതെന്നു ബോർഡ് വിശദീകരിക്കുന്നു. ഇതു മുന്നിൽ കണ്ട് കമ്പനികൾ വൻതോതിൽ കൊപ്രയും വെളിച്ചെണ്ണയും സംഭരിച്ചത് ഏതാനും ആഴ്ചമുമ്പ് വില ഉയർത്താൻ സഹായകമാകുകയും ചെയ്തു.

രൂപയുടെ മൂല്യം കുറഞ്ഞുവെങ്കിലും ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി ഉയർന്ന തോതിൽ തുടരുന്നത് വിപണിക്ക് തിരിച്ചടിയായി. ശുദ്ധീകരിച്ച പാമോയിലിന്റെ മേയിലെ ഇറക്കുമതി 3,73,837 ടൺ എന്ന റെക്കോർഡ് തലത്തിലാണ്. സസ്യ എണ്ണകളുടെ മൊത്തം ഇറക്കുമതി മേയിൽ രണ്ടു ശതമാനം വർധിച്ച് ഒൻപത് ലക്ഷം ടണ്ണിലേറെയായി. രൂപയുടെ മൂല്യശോഷണം വെളിച്ചെണ്ണയുടെ കയറ്റുമതിക്ക് സഹായകമായില്ലെന്നു നാളികേര വികസനബോർഡ് ചെയർമാൻ ടി.കെ. ജോസ് ചൂണ്ടിക്കാട്ടി. കയർ ഒഴിച്ചുള്ള കേരോൽപന്നങ്ങളുടെ കയറ്റുമതി 1000 കോടി രൂപ കവിഞ്ഞ് റെക്കോർഡ് നേട്ടം കൈവരിക്കാൻ കഴിഞ്ഞു. പക്ഷേ ഇതിൽ വെളിച്ചെണ്ണയുടെ വിഹിതം 100 കോടി രൂപയോളം മാത്രമാണെന്ന് അദ്ദേഹം പറഞ്ഞു. പാക്കിസ്ഥാനിലേക്ക് ഈയിടെ കയറ്റി അയച്ച കൊപ്ര ഗുണമേൻമക്കുറവിന്റെ പേരിൽ തിരിച്ചയച്ചതും പ്രതികൂലമായി ബാധിച്ചു. കമ്പനികളും വിപണിയിൽ നിന്നു വിട്ടുനിൽക്കുകയാണ്.

താങ്ങുവിലയ്ക്ക് കൊപ്ര സംഭരിക്കാൻ കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേര വികസന ബോർഡ് ഉൽപാദക സംഘങ്ങളും ഫെഡറേഷനുകളും രൂപീകരിച്ച് ഇതിന് ഒപ്പം നിന്നു. കൊപ്രയ്ക്ക് പുറമേ കിലോഗ്രാമിന് 14 രൂപ വച്ച് പച്ചത്തേങ്ങ സംഭരിക്കാനും ലക്ഷ്യമിട്ടിരുന്നു. ഇതിനിടയ്ക്ക് സംഭരണത്തിൽ തങ്ങൾക്കുണ്ടാകുന്ന നഷ്ടം നികത്തണമെന്നു നാഫെഡ് ആവശ്യപ്പെട്ടു. പ്രശ്നം പരിഹരിച്ചുവെങ്കിലും സംഭരണം തുടങ്ങിയിട്ടില്ല.

## 'നീര'വിരോധം ഇവിടെമാത്രം

ലോകത്ത് നാളികേരം ഉൽപാദിപ്പിക്കുന്ന 94 രാജ്യങ്ങളിൽ ഇന്ത്യയിൽ മാത്രമേ തെങ്ങിൻ പൂക്കുലയിൽ നിന്നെടുക്കുന്ന മദ്യാംശം തീരെയില്ലാത്ത 'നീര'യുടെ ഉൽപാദനത്തിന് വിലക്കുള്ളൂ. ഇന്ത്യയിൽ തന്നെ, കള്ളിനും ചാരായത്തിനും നിരോധമുള്ള കർണാടകയിൽ 'നീര' ഉൽപാദിക്കാൻ അനുമതിയായി. ഇതിനായി എക്സൈസ് നിയമത്തിൽ ഭേദഗതി വരുത്താനും മംഗലാപുരത്ത്പ്ലാന്റ്സ്ഥാപിക്കാനും കർണാടക സർക്കാർ തീരുമാനിച്ചു. എന്നാൽ കേരളത്തിൽ കള്ളും വിദേശ മദ്യവും സുലഭമാണെങ്കിലും നീര ഉൽപാദിപ്പിക്കാൻ അനുമതിയില്ല. 111 വർഷം പഴക്കമുള്ള നിയമത്തിലെ തെറ്റായ നിർവചനം പുതുക്കിയ അബ്കാരി നിയമത്തിലും തുടരുന്നതാണ് ഇതിനു കാരണം. നിയമത്തിൽ നീരയെ കള്ളിന്റെ വിഭാഗത്തിൽ ഉൾപ്പെടുത്തിയതിനാൽ അംഗീകൃത ചെത്തുതൊഴിലാളികൾക്ക് മാത്രമേ നീരക്ക് വേണ്ടി തെങ്ങ് ചെത്തുവാൻ അനുമതിയുള്ളൂ. മുപ്പതിനായിരത്തോളം സംഘടിത തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കാനെന്ന പേരിൽ 42 ലക്ഷം കേര കർഷകരുടെ വരുമാനമാർഗമാണ് അടയുന്നത്. എന്നിരുന്നാലും ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ രാഷ്ട്രീയ പാർട്ടികൾക്കെല്ലാം അറച്ചുനിൽക്കുന്നു.

സംസ്ഥാനത്തെ ഒരു ശതമാനം തെങ്ങുകളിൽ നിന്നു നീര ഉൽപാദിപ്പിക്കുകയാണെങ്കിൽ പ്രതിവർഷം 5400 കോടി രൂപയുടെ അധിക വരുമാനമുണ്ടാകും. ചെത്തുതൊഴിലാളികളുടെ ജോലി നഷ്ടപ്പെടുമെന്ന വാദത്തിലും കഴമ്പില്ല. നീര ഉൽപാദനത്തിലൂടെ 10 ലക്ഷം തൊഴിലവസരങ്ങളാണ് ലഭ്യമാകുന്നത്.

അബ്കാരി നിയമത്തിലെ വ്യവസ്ഥകളും നീരയുടെ സാധ്യതകളും പഠിക്കുന്നതിന് എക്സൈസ് കമ്മിഷണർ അധ്യക്ഷനായി ഒരു സമിതിയെ നിയമിച്ചുവെന്നതാണ് കേരള സർക്കാർ ഒടുവിൽ കൈക്കൊണ്ട നടപടി. സമിതിയുടെ യോഗം ചൊവ്വാഴ്ച ചേരും. രാഷ്ട്രീയ വിവാദങ്ങൾ ചെത്തിപ്പിഴിഞ്ഞുകൊണ്ടിരിക്കേ സമിതിയുടെ തീരുമാനം എന്തായിരിക്കുമെന്നും അതെന്ന് നടപ്പിലാകുമെന്നുമുള്ള ആശങ്കയിലാണ് കേര കർഷകർ.

